**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 895** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>അഴിക്കോട് തോട് സംരക്ഷണ പ്രവൃത്തി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. വി. സുമേഷ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** ബജറ്റിൽ അഴിക്കോട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള തോട് സംരക്ഷണങ്ങളുടെ പ്രവൃത്തി സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 2025-2026 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെട്ടിരുന്ന അഴീക്കോട് നിയോജകമണ്ഡലത്തിലെ തോട് സംരക്ഷണ പ്രവൃത്തികൾ സംബന്ധിച്ച വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

**(ബി)** പ്രവൃത്തി എസ്റ്റിമേറ്റ് പൂർത്തിയാക്കിയിട്ടുണ്ടോ; വിവരം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രവൃത്തി വേഗത്തിൽ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

**1. അഴീക്കോട് നുച്ചി തോട് സംരക്ഷണം - 1 കോടി രൂപ(ബജറ്റിലെ ക്രമ നമ്പർ 93)**

അഴീക്കോട് നുച്ചിത്തോടിന്റെ പല ഭാഗങ്ങളിലും ശക്തമായ കരയിടിച്ചിലിനെ തുടർന്ന് തോടിന്റെ വീതി പല നിലയിലാണുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും സ്ഥല ഉടമകളുടെ അനുമതിപത്രത്തിനായി ശ്രമങ്ങൾ നടത്തി വരികയാണ്. അനുമതിപത്രം ലഭ്യമാകുന്ന മുറയ്ക്ക് DPR-മ്മേലുള്ള തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്

**2. അഴീക്കോട് - ഉപ്പായി തോട് സംരക്ഷണം - 1 കോടി രൂപ(ബജറ്റിലെ ക്രമ നമ്പർ 711)**

പ്രസ്തുത തോടിന്റെ ശരാശരി വീതി പല ഇടങ്ങളിലും 1.5 മീറ്ററോളം മാത്രമാണ് ഉള്ളത്. കൂടാതെ പല ഭാഗങ്ങളും സ്വകാര്യ വ്യക്തികൾ മുഖേന സംരക്ഷിക്കപ്പെട്ട നിലയിലും വീടുകളോട് ചേർന്ന ഭാഗങ്ങളുമാണ്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും സ്ഥല ഉടമകളുടെ അനുമതിപത്രത്തിനായി ശ്രമങ്ങൾ നടത്തി വരികയാണ്. അനുമതിപത്രം ലഭ്യമാകുന്ന മുറയ്ക്ക് DPR-മ്മേലുള്ള തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ് .

**3. പള്ളിക്കുന്ന് മിൽമ തോട് (കാനത്തൂർ പാലം മുതൽ പള്ളിക്കുന്ന് പാലം വരെ അഭിവൃദ്ധിപ്പെടുത്തൽ) - 60 ലക്ഷം രൂപ (ബജറ്റിലെ ക്രമ നമ്പർ 173)**

പ്രസ്തുത തോട് കണ്ണൂർ കോർപ്പറേഷനിൽ ഉൾപ്പെടുന്ന പള്ളിക്കുന്ന് സോണലിലെ റസിഡൻഷ്യൽ മേഖലയിലുള്ള പ്രധാന ഡ്രെയിനേജ് ആണ്. നിലവിൽ പ്രസ്തുത ഡ്രെയിനേജിന്റെ ഇരുവശങ്ങളിലും DR സംരക്ഷണഭിത്തിയുണ്ട്. റോഡിൽ നിന്നും വീടുകളിലേക്ക് ഡ്രെയിനേജിനു കുറുകെ 30 ഓളം കോൺക്രീറ്റ് സ്ലാബുകളും നിലവിലുണ്ട്. ഡ്രെയിനേജിനോട് ചേർന്ന ബിറ്റൂമിനസ് റോഡു കോർപ്പറേഷൻ ആസ്തിയിൽ ഉൾപ്പെട്ടതും കോർപ്പറേഷൻ മുഖേന പരിപാലിച്ചു വരുന്നതുമാണ്. ടി ഡ്രെയിനേജിന്റെ റോഡിനോട് ചേർന്നിട്ടുള്ള വലതുഭാഗത്ത് DR സംരക്ഷണ ഭിത്തി പൊളിച്ചുമാറ്റി ഡ്രെയിനേജിന്റെ വീതി കൂട്ടി പൊളിച്ചു മാറ്റിയ ഭാഗത്ത് കോൺക്രീറ്റ് ഭിത്തി നിർമ്മാണമാണ് പ്രദേശവാസികളുടെ ആവശ്യം. ടി പ്രവൃത്തി നിലവിൽ ഇറിഗേഷൻ വകുപ്പ് മുഖേന നിർവഹിച്ചുവരുന്ന ജലസംരക്ഷണ സ്വഭാവമുള്ള പ്രവൃത്തിയല്ല. പ്രസ്തുത ഡ്രെയിനേജും അനുബന്ധ റോഡും കോർപ്പറേഷൻ അധീനതയിലാണ്. ആയതിനാൽ, ടി പ്രവൃത്തി കോർപ്പറേഷൻ മുഖേന തന്നെ നിർവ്വഹിക്കുന്നതാവും ഉചിതം.

**4. കക്കാട് തുളിച്ചേരി -കരിമ്പിൻ തോട്ടം തോടിനു സൈഡ് ഭിത്തി -സ്ലാബ് നിർമ്മാണം - 40 ലക്ഷം രൂപ(ബജറ്റിലെ ക്രമ നമ്പർ 2653)**

പ്രസ്തുത തോട് പുഴാതി സോണലിൽ ഉൾപ്പെട്ടതും കോർപ്പറേഷൻ ആസ്തിയിൽ ഉൾപ്പെട്ടതുമായ ഡ്രെയിനേജ് ആണ് . പ്രസ്തുത ഡ്രെയിനേജും ഡ്രയിനേജിനോട് ചേർന്ന റോഡും കോർപ്പറേഷൻ ആസ്തിയിൽ ഉൾപ്പെട്ടതും കോർപ്പറേഷൻ മുഖേന പരിപാലിച്ചു വരുന്നതുമാണ്. നിലവിലുള്ള ഡ്രെയിനേജിനും റോഡിനും മുകളിൽ കോൺക്രീറ്റ് സ്ലാബ് നിർമ്മിച്ച് വീതി കൂട്ടി ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനാണ് പ്രവൃത്തി നിർദ്ദേശിച്ചിട്ടുള്ളത്. പ്രവൃത്തി ഏർപ്പെടുത്തുന്നതോട് കൂടി പ്രസ്തുത ഡ്രെയിനേജ് പൂർണ്ണമായും cover ചെയ്യപ്പെടുന്ന നില വരും.

മൺസൂൺ സമയത്ത് വെള്ളക്കെട്ടിന് വിധേയമാകുന്ന പ്രസ്തുത മേഖലയിൽ വകുപ്പ്തല മാനദണ്ഡങ്ങൾ പാലിച്ച് ടി പ്രവൃത്തി ഇറിഗേഷൻ വകുപ്പ് മുഖേന നിർവ്വഹിക്കുന്നതിന് പരിമിതികൾ ഉണ്ട്.ടി പ്രവൃത്തി നിലവിൽ ഇറിഗേഷൻ വകുപ്പ് മുഖേന നിർവഹിച്ചുവരുന്ന ജലസംരക്ഷണ സ്വഭാവമുള്ള പ്രവൃത്തിയല്ല . ഗതാഗത ആവശ്യം മുൻനിർത്തിയുള്ള ടി പ്രവൃത്തി നിലവിൽ നടന്നുവരുന്ന പ്രവൃത്തിക്ക് തുടർച്ചയായി കോർപ്പറേഷൻ മുഖേന തന്നെ നിർവ്വഹിക്കുന്നതാവും ഉചിതം.

**5. പുഴാതി മന്ന്യടത്ത് തോട് സംരക്ഷണം - 50 ലക്ഷം രൂപ(ബജറ്റിലെ ക്രമ നമ്പർ 1564)**

പുഴാതി മന്ന്യടത്ത് ഭാഗത്ത് ജനവാസ മേഖലയുടെ ഇടയിലുള്ള ശരാശരി 60 cm മാത്രം വീതിയും അത്രതന്നെ ആഴവുമുള്ള ചാലിൽ ആണ് ടി പ്രവൃത്തി നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത ചാലിന് മുകളിൽ സ്ലാബ് നിർമ്മിച്ച് ഗതാഗത യോഗ്യമാക്കുന്നതിനാണ് മേൽ പ്രവൃത്തി ഉദ്ദേശിക്കുന്നത്. പ്രവൃത്തി പ്രാവർത്തികമാക്കുന്നതോട് കൂടി പ്രസ്തുത ചാൽ പൂർണ്ണമായും cover ചെയ്യപ്പെടുന്ന നിലവരും. വകുപ്പ് മാനദണ്ഡങ്ങൾ പാലിച്ചു പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള സ്ഥല ലഭ്യതയോ വീതിയോ ഇല്ലാത്ത നിലയാണ്. ടി പ്രവൃത്തി നിലവിൽ ഇറിഗേഷൻ വകുപ്പ് മുഖേന നിർവഹിച്ചു വരുന്ന ജലസംരക്ഷണ സ്വഭാവമുള്ള പ്രവൃത്തിയല്ല . കൂടാതെ ഗതാഗത ആവശ്യത്തിനുള്ള സ്ലാബ് നിർമ്മാണം മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന നിർവഹിച്ചു വരുന്ന പ്രവൃത്തിയല്ലാത്തിനാൽ മേൽ പ്രവൃത്തി കോർപ്പറേഷൻ മുഖേനയോ മറ്റ് ഏജൻസികൾ മുഖേനയോ നിർവ്വഹിക്കുന്നതാവും ഉചിതം.

**6. കണ്ണാടിപ്പറമ്പ് പ്രദേശത്ത് ഉപ്പുവെള്ള പ്രതിരോധ തടയണ നിർമ്മാണം – 50 ലക്ഷം രൂപ (ബജറ്റിലെ ക്രമ നമ്പർ 1533)**

കാട്ടാമ്പള്ളി റെഗുലേറ്റിന്റെ മുകൾഭാഗത്ത് ഉദ്ദേശം 250 മീറ്റർ മാറി കാട്ടാമ്പള്ളി പറക്കോട്ട് റോഡിലുള്ള വെണ്ടോട്ട് വയൽ കോൺക്രീറ്റ് പാലം പുതുക്കി ഉപ്പുവെള്ള പ്രതിരോധ തടയണയോടുകൂടി പുനർനിർമ്മിക്കുന്നതിനാണ് പ്രവൃത്തി നിർദ്ദേശിച്ചിട്ടുള്ളത്. മേജർ ഇറിഗേഷൻ വിഭാഗം മുഖേന നിലവിൽ കാട്ടാമ്പള്ളി ആർ.സി.ബി നവീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിച്ചു വരുന്ന സാഹചര്യത്തിൽ 250 മീറ്റർ മുകൾഭാഗത്ത് ഉപ്പുവെള്ള പ്രതിരോധത്തിന് മറ്റൊരു നിർമ്മിതിയുടെ ആവശ്യമില്ല.

**7. വളപട്ടണം തങ്ങൾ വയൽ തോട് സംരക്ഷണം - 50 ലക്ഷം രൂപ(ബജറ്റിലെ ക്രമ നമ്പർ 187)**

പ്രസ്തുത തോട് വളപട്ടണം കക്കുളങ്ങര അങ്കണവാടി ഭാഗത്തു നിന്ന് ആരംഭിക്കുന്നതും വളപട്ടണം പുഴ വരെയുള്ളതുമായ പഞ്ചായത്തിലെ ഏറ്റവും വലിയ കോൺക്രീറ്റ് ഡ്രൈനേജ് ആണ് . ടി ഡ്രൈനേജ് വിവിധ LSGD എഞ്ചിനീയറിംഗ് വിഭാഗങ്ങൾ (പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത്) മുഖേന വിവിധ കാലയളവിൽ കോൺക്രീറ്റ് സൈഡ്ഭിത്തി കെട്ടി മുകളിൽ സ്ലാബ് നിർമ്മിച്ച് പൂർണ്ണമായും മൂടപ്പെട്ടനിലയിലാണുള്ളത്. കൂടാതെ പരിസരപ്രദേശങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള മാലിന്യവും മലിനജലവും വന്നു ചേർന്ന് ഈ ഡ്രെയിനേജിന്റെ പല ഭാഗങ്ങളിലും നിലവിൽ ബ്ലോക്കുള്ളതിനാൽ വെള്ളം സുഗമമായി ഒഴുകിപോകുന്നില്ല. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനാണ് വളപട്ടണം തങ്ങൾ വയൽ തോട് സംരക്ഷണ പ്രവൃത്തി 2025-26 ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളത്. ടി പ്രവൃത്തി നിലവിൽ ഇറിഗേഷൻ വകുപ്പ് നിർദ്ദേശിച്ചുവരുന്ന ജലസേചന/

ജലസംരക്ഷണ സ്വഭാവമുള്ള പ്രവൃത്തിയല്ല. പ്രസ്തുത ഡ്രെയിനേജ് പൂർണമായും LSGD എഞ്ചിനീയറിംഗ് വിഭാഗം മുഖന നിർവഹിച്ചു അസറ്റ് ക്രിയേറ്റ് ചെയത് വളപട്ടണം പഞ്ചായത്ത് അധീനതയിലുള്ളതായതിനാൽ പ്രസ്തുത പ്രവൃത്തിയും ഡ്രെയിനേജിന് അനുബന്ധമായ maintenance പ്രവൃത്തികളും പ്രസ്തുത ഏജൻസി മുഖേന നിർവഹിക്കുന്നതാവും ഉചിതം.

Sandhya

**സെക്ഷൻ ഓഫീസർ**